## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.5804

28-03-2018 ൽ മറുപടിയ്ക്ക്

### തിരുവനന്തപുരത്ത് ഉയരമുള്ള കെട്ടിടങ്ങളുടെ സുരക്ഷാ ആഡിറ്റ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എം. വിൻസന്റ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) സുരക്ഷയുടെ ഭാഗമായി തിരുവനന്തപുരം നഗരത്തിലെ കെട്ടിടങ്ങളുടെ ഉയരം പരിശോധിക്കുന്നതിന് അഗ്നിശമനസേന തീരുമാനിച്ചിട്ടുണ്ടോ; | എ) തീരുമാനിച്ചിട്ടുണ്ട്. |
| ബി) കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ അനുശാസിക്കുന്ന ഉയരപരിധി പല കെട്ടിടങ്ങളും ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഇത് സുരക്ഷാ സംവിധാനങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) കണ്ടെത്തിയിട്ടുണ്ട്. വിലയിരുത്തിയിട്ടുണ്ട്. ഓപ്പറേഷൻ അഗ്നിസുരക്ഷ എന്ന പേരിൽ ബഹുനില മന്ദിരങ്ങൾ, ആശുപത്രികൾ, മാളുകൾ, തീയറ്റർ എന്നിവ അഗ്നിശമന സേനയുടെ ഓഫീസർമാർ പരിശോധിച്ചപ്പോൾ സുരക്ഷാ ക്രമീകരണങ്ങളിൽ പാളിച്ചകൾ കണ്ടെത്തിയിരുന്നു. കെട്ടിടങ്ങൾക്ക് അനുശാസിക്കുന്ന ഉയരപരിധി ലംഘനം, കെട്ടിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന അഗ്നിസുരക്ഷാ സംവിധാനങ്ങളുടെ മെയിന്റനൻസ് യഥാസമയം നടത്താത്തതുമൂലം അവ പ്രവർത്തനക്ഷമമല്ലാത്ത അവസ്ഥ ഇവയാണ് പരിശോധനയിൽ ബോധ്യപ്പെട്ട അപാകതകൾ. |
| സി) തിരുവനന്തപുരത്തെ ഉയരമുള്ള കെട്ടിടങ്ങളുടെ സുരക്ഷാ ആഡിറ്റ് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | സി) ഓപ്പറേഷൻ അഗ്നിസുരക്ഷ എന്ന പേരിൽ അഗ്നിശമന സേനയുടെ ഓഫീസർമാർ തിരുവനന്തപുരം നഗരത്തിലെ ഉയരമുള്ള കെട്ടിടങ്ങൾ പരിശോധന നടത്തി സുരക്ഷാ ക്രമീകരണങ്ങളിൽ പാളിച്ച കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും തുടർനടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, ജില്ലാ കളക്ടർക്കും കത്തും നൽകിയിട്ടുണ്ട്. സുരക്ഷാ ഓഡിറ്റ് ഇപ്പോഴും നടന്നു വരുകയാണ്. |

സെക്ഷൻ ഓഫീസർ